(ഡി) സാമ്പത്തിക പ്രതിസന്ധിയിലും സംഘടനാ പ്രശ്നങ്ങളിലും അകപ്പെട്ട എസ്. സി./എസ്. ടി. സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ഇ) പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമവകുപ്പുമായി സഹകരിച്ച് സംഘങ്ങളുടെ രക്ഷയ്ക്കും സംഘങ്ങളുടെ പുരോഗതിക്കും വേണ്ടി ഒരു പദ്ധതി തയ്യാറാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 749 ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) 215 എണ്ണം.

(ഡി) എസ്. സി./എസ്. ടി. സഹകരണ സംഘങ്ങളുടെ നഷ്ടം നികത്തി പ്രവർത്തനം പുനരുദ്ധരിക്കുന്നതിനായി മാക്രോ മാനേജ്മെന്റ് പദ്ധതി പ്രകാരം ഓഹരി, സബ്സിഡി എന്നിവ നൽകി വരുന്നു. കൂടാതെ നബാർഡിന്റെ സാങ്കേതിക സഹായത്തോടെ സ്വാശ്രയ ഗ്രൂപ്പ് പദ്ധതിയും ആവിഷ്ക്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികളും സമർപ്പിക്കുന്നുണ്ട്.

(ഇ) എസ്. സി./എസ്. ടി. സഹകരണ സംഘങ്ങളുടെ പ്രവർത്തനം നല്ല രീതിയിൽ നടത്തുന്നതിനായി കൺസ്യൂമർ സാധനങ്ങളുടെ ഉല്പാദനവും വില്പനയും കോഫി വെൻഡിംഗ് യൂണിറ്റുകൾ, എസ്. റ്റി.ഡി. ബൂത്തുകൾ, ഐ. റ്റി. സെൻററുകൾ, ചെറുകിട ഇൻഡസ്ട്രിയൽ യൂണിറ്റുകൾ മുതലായവ നടത്തുന്നതിനായി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കോർപ്പസ് ഫണ്ടിൽനിന്ന് ധനസഹായം ലഭ്യമാക്കുന്നതിന്, അർഹമായ അപേക്ഷകൾ ശുപാർശ ചെയ്ത് അയച്ചിട്ടുണ്ട്.

ആഡിറ്റ് കുടിശ്ശിക തീർക്കൽ നടപടി

84 [1405] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ ആഡിറ്റ് ഇപ്പോൾ ഏത് വർഷം വരെ പൂർത്തിയായിട്ടുണ്ടെന്ന് മേഖല തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ആഡിറ്റ് കുടിശ്ശിക തീർക്കുന്നതുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് ജീവനക്കാർക്ക് നല്കിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

---

†അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

(സി) ചുരുങ്ങിയ സമയംകൊണ്ട് ആഡിറ്റ് കുടിശ്ശിക തീർക്കുവാനുള്ള അധികൃതരുടെ നിർദ്ദേശം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആഡിറ്റിന്റെ സുതാര്യത വളരെയധികം കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വൗച്ചറുകളും രസീതുകളും മറ്റു രേഖകളും പൂർണ്ണമായും പരിശോധിച്ചു കൊണ്ട് ആഡിറ്റ് നടത്തുവാൻ പ്രത്യേകം നിർദ്ദേശം നല്കുമോ?

ഉത്തരം

(എ) 1998-99 വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) വായ്പാ സംഘങ്ങളുടെ ആഡിറ്റിന് പ്രത്യേകം പ്രാമുഖ്യം നല്കി ആഡിറ്റ് നടത്താൻ ആഡിറ്റർമാരെ നിർദ്ദേശിച്ചു.

ഓഡിറ്റ് സമകാലമാക്കുന്നതിനായി കണക്കുകളും മറ്റ് നിയമാനുസൃത രേഖകളും എല്ലാ സംഘങ്ങളും ഓഡിറ്റർമാർക്ക് കൃത്യമായി സമർപ്പിക്കാനുള്ള നിർദ്ദേശം സംഘങ്ങൾക്ക് നല്കാൻ രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഓഡിറ്റിനുള്ള തസ്തികകളുടെ തുടർച്ചാനുമതിക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമുമ്പ്, സഹകരണ സംഘം രജിസ്ട്രാർ ഓഡിറ്റ് പുരോഗതി വിശകലനം ചെയ്ത് അഭിപ്രായം രേഖപ്പെടുത്തി സർക്കാരിന് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

സമകാലി ഓഡിറ്റർമാർ ദീർഘകാല അവധിയിൽ പ്രവേശിക്കുമ്പോൾ അതുവരെ ചെയ്തു തീർത്ത ഓഡിറ്റ് ജോലികളെപ്പറ്റിയും, കുടിശ്ശിക ഉണ്ടെങ്കിൽ കാരണം കാണിക്കുന്നതുമായ റിപ്പോർട്ട് രജിസ്ട്രാർക്ക് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കമ്പ്യൂട്ടർവല്ക്കരിച്ച സംഘങ്ങളിൽ ഓഡിറ്റിനായി പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിക്കേണ്ട എന്നും, കമ്പ്യൂട്ടർ ലഭ്യമാക്കുന്ന സ്റ്റേറ്റുമെന്റുകൾ അടിസ്ഥാനപ്പെടുത്തി ഓഡിറ്റ് നടത്താവുന്നതാണെന്നും നിർദ്ദേശം നല്കിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) വൗച്ചറുകളും രസീതുകളും മറ്റുള്ള റിക്കാർഡുകളും പരിശോധിച്ചു തന്നെയാണ് ആഡിറ്റ് നടത്തി വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly